**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബൈസൻവാലി സെന്റ് ആന്റണീസ് ചർച്ചിന് സെമിത്തേരി നിർമ്മിക്കാൻ അനുവാദം നൽകിയതിനെതിരെ ശ്രീ.സി.കെ.തങ്കപ്പൻ ഫയൽ ചെയ്ത WP(c)13769/15 മേലുള്ള 08.05.2015 ലെ ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3460 /15/തസ്വഭവ തിരുവനന്തപുരം, തീയതി : 21.11.2015

---

പരാമർശം-
1. ഇടുക്കി ജില്ലാ കളക്ടറുടെ 03/2015 ലെ ഇ-1/51486/13 നമ്പർ നടപടിക്രമം.
2. 27.04.15 ലെ ശ്രീ.സി.കെ.തങ്കപ്പന്റെ അപ്പീൽ.
3. WP(c)13769/2015 മേലുള്ള ബഹു.ഹൈക്കോടതിയുടെ 08.05.2015 ലെ വിധിന്യായം.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ബൈസൻവാലിയിൽ സെന്റ് ആന്റണീസ് ചർച്ചിനു വേണ്ടി ശവക്കല്ലറ നിർമ്മിക്കുവാൻ പരാമർശം (1)ലെ ഉത്തരവിലൂടെ ജില്ലാ കളക്ടർ അനുമതി നൽകിയിരുന്നു. ഇതിനെതിരെ ശ്രീ.സി.കെ.തങ്കപ്പൻ ഫയൽ ചെയ്ത WP(c)13769/ 2015 മേൽ ബഹു.കേരള ഹൈക്കോടതിയുടെ 08.05.2015 ലെ വിധിന്യായ പ്രകാരം 19.08.2015 ൽ കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. വാദിയായ ശ്രീ.സി.കെ.തങ്കപ്പനു വേണ്ടി അഡ്വ.ജി.ബാബുരാജും, സെന്റ് ആന്റണീസ് പള്ളിക്കു വേണ്ടി ഫാദർ പ്രിൻസ് ഉറുമ്പിലും, ബൈസൻവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ടി.എസ്.ജോസും പ്രസ്തുത ഹിയറിംഗിൽ സന്നിഹിതരായിരുന്നു.

40 വർഷമായി പ്രസ്തുത ദേവാലയവും മറ്റ് രണ്ട് ദേവാലയങ്ങളും ചേർന്ന് 4 കിലോമീറ്റർ ദൂരത്തായുള്ള പൊട്ടൻകാട് പള്ളി വക സെമിത്തേരിയിലാണ് മരണപ്പെട്ടവരെ അടക്കം ചെയ്ത് വന്നിരുന്നത്. എന്നാൽ ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ സെന്റ് ആന്റണീസ് ദേവാലയത്തോടു ചേർന്ന് ഒരു സെമിത്തേരി ആവശ്യമായി വരികയും അതിനായുള്ള നടപടി ക്രമങ്ങൾ നടന്നു കൊണ്ടിരിക്കെ ഒരാൾ മരണപ്പെടുകയും, മുമ്പ് ഉപയോഗിച്ചു കൊണ്ടിരുന്ന സെമിത്തേരിയിൽ ശവമടക്കിന് (മറ്റ് ഇടവകയിലെ അംഗങ്ങൾക്ക്) അനുവാദം നിഷേധിച്ചതിനാൽ മറ്റ്

നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ സെന്റ് ആന്റണീസ് പള്ളിയോടു ചേർന്ന് മൃതദേഹം നിയമപരമല്ലാതെ അടക്കം ചെയ്തത് ഒരു സാമുദായിക സംഘർഷമായി മാറാതിരിക്കുന്നതിന് രാജാക്കാട് പോലീസും, പഞ്ചായത്തും, മറ്റ് സാമുദായിക, സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകരും മുൻ കൈയെടുത്ത് ഒരു യോഗം ചേരുകയും, സെന്റ് ആന്റണീസ് പള്ളിക്ക് ഒരു സെമിത്തേരി ആവശ്യമായതിനാൽ, ആയത് പള്ളിവക 84 സെന്റ് സ്ഥലത്തിലെ വടക്കു കിഴക്കേ മൂല ചേർത്ത് 5 സെന്റ് സ്ഥലത്ത് ആധുനിക രീതിയിൽ സെല്ലാർ നിർമ്മിക്കുന്നതിനായി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത തീരുമാന പ്രകാരം ദേവാലയ അധികാരികൾ സെമിത്തേരി നിർമ്മാണത്തിനുള്ള അനുവാദം ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, ഗ്രാമ പഞ്ചായത്തിന്റെ ശുപാർശയിന്മേലും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ദേവികുളം സബ് കളക്ടർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എന്നിവരുടെ റിപ്പോർട്ടുകളിന്മേലും കോൺക്രീറ്റ് കല്ലറ നിർമ്മാണത്തിന് താത്ക്കാലിക അനുമതി നൽകുകയും, ടി കോൺക്രീറ്റ് കല്ലറ നിർമ്മാണത്തിന്റെ അന്തിമ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)-ൽ നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥിരമായുള്ള അനുമതിയും ലൈസൻസും നൽകുന്നതാണെന്നും, അതിനു ശേഷം അനധികൃതമായി മറവു ചെയ്ത മൃതദേഹം പ്രസ്തുത കല്ലറയിൽ മറവു ചെയ്യേണ്ടതാണെന്നും സൂചന (1) പ്രകാരം ഉത്തരവാകുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവാലയ അധികാരികൾ കോൺക്രീറ്റ് കല്ലറ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും അനധികൃതമായി മറവു ചെയ്ത മൃതദേഹം മാറ്റി മറവു ചെയ്യുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല.

**കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ)ചട്ടം 10(b) പ്രകാരം** ശവം കൈയൊഴിക്കുന്നതിന് യഥാവിധി അധികാരപ്പെടുത്തിയ സൗകര്യമുള്ള വേറൊരു സ്ഥലം നിലവിലുണ്ടെങ്കിൽ അങ്ങനെയുള്ള സ്ഥലത്ത് ഏതെങ്കിലും ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ മറ്റു വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നത് നിരോധിക്കണമെന്നാവശ്യപ്പെടാൻ പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. ശവം കൈയൊഴിക്കുന്നതിന് സെന്റ് ആന്റണീസ് ദേവാലയത്തിന് മുൻപ് പൊട്ടൻകാട് ദേവാലയത്തിലെ സെമിത്തേരി നിലവിലുണ്ടായിരുന്ന വെങ്കിലും, ഇപ്പോൾ പ്രസ്തുത ദേവാലയ അധികാരികൾ വിസമ്മതം പ്രകടിപ്പിക്കുന്നതിനാൽ സെന്റ് ആന്റണീസ് ദേവാലയത്തിന് ഒരു സെമിത്തേരി അത്യാവശ്യമാണെന്ന് പഞ്ചായത്തും, മറ്റ് സാമുദായിക-സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും നാട്ടുകാരും ഒരേ സ്വരത്തിൽ സമ്മതിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ് എന്നിവരുടെ റിപ്പോർട്ടുകൾ സെമിത്തേരി നിർമ്മിക്കുന്നതിന് അനുകൂലമാണെന്ന് കാണുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ന്റെ റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട സ്ഥലത്തിന് 25 മീറ്റർ ചുറ്റളവിൽ താമസ ഭവനങ്ങളോ, കുടിവെള്ള സ്രോതസ്സുകളോ നിലവിൽ ഇല്ല. ആയതിനാലും

അനാരോഗ്യത്തിന് സാധ്യത ഇല്ലാത്തതിനാലുമാണ് വ്യവസ്ഥകൾക്ക വിധേയമായി ശ്മശാനത്തിന് എൻ.ഒ.സി നൽകിയിട്ടുള്ളത്. സെന്റ് ആന്റണീസ് ദേവാലയം ജില്ലാ കളക്ടർ പുറപ്പെടുവിച്ച താത്കാലിക ഉത്തരവിന്റെ വെളിച്ചത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് കോൺക്രീറ്റ് കല്ലറയാണ്. **കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5(1)** പ്രകാരം കോൺക്രീറ്റ് കല്ലറകളുടെയും വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും സംഗതിയിൽ ജനവാസ ഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ്.

മേൽ വിവരിച്ച കാരണങ്ങളാൽ, ശ്രീ.ബാബു ചെറുപറമ്പലിന് ഒഴികെ മറ്റാർക്കും എതിർപ്പില്ലാത്തതിനാലും, നിർദ്ദിഷ്ട സ്ഥലത്തു നിന്നും ടിയാന്റെ വീട് നിയമാനുസൃതമായ ദൂര പരിധി കഴിഞ്ഞാണ് കാണപ്പെടുന്നത് എന്നതിനാലും, ടി പള്ളിയിലെ ഏതെങ്കിലും അംഗം മരണപ്പെട്ടാൽ സമുദായ ആചാര പ്രകാരം മറവു ചെയ്യുന്നതിന് മറ്റ് മാർഗ്ഗം ഇല്ലാത്തതിനാലും, ഇടുക്കി ജില്ലയിൽ ബൈസൺവാലി വില്ലേജിലെ സെന്റ് ആന്റണീസ് ദേവാലയത്തിന്റെ കൈവശമുള്ള പഴയ സർവ്വേ നമ്പർ 27/1-120-1 ൽപ്പെട്ട 84 സെന്റ് സ്ഥലത്തിന്റെ വടക്കു കിഴക്കേ മൂല ചേർത്ത് 5 സെന്റ് സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് കല്ലറയ്ക്ക് Ext.P3 ഉത്തരവിലെ വ്യവസ്ഥകൾക്ക വിധേയമായി സ്ഥിരമായ ലൈസൻസ് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി Ext-P4, P5 അപ്പീൽ ഹർജികൾ തീർപ്പാക്കി WP(c)13769/15 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 08.05.2015 ലെ വിധി ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
ജെസ്സി ജോർജ്ജ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം സഹിതം)

ജില്ലാ കളക്ടർ, ഇടുക്കി

അക്കൗണ്ടന്റ് ജനറൽ (എ & ഇ ആഡിറ്റ്), തിരുവനന്തപുരം

സെക്രട്ടറി, ബൈസൺവാലി ഗ്രാമ പഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ